ബോധവത്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം, സംസ്ഥാന തലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്കരണ പരിശീലന ക്ലാസ്സ് തുടങ്ങി വിവിധ പരിപാടികളാണ് ഇതിനോടനുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കെ.എസ്.ബി.സി.യുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് ഉപയോഗിച്ച് ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ പുനർജ്ജനി-2030-നോടനുബന്ധിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവത്കരണ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. മദ്യവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്ന വിഷയത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയായിരുന്ന ഡോ. കെ. വിജയകുമാറിന്റെ നേതൃത്വത്തിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

പരിസ്ഥിതി നാശം ഒഴിവാക്കുന്നതിനുള്ള നടപടി

8 (*308) ശ്രീ. പുരുഷൻ കടലുണ്ടി :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീമതി കെ. കെ. ലതിക :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക ഘടനയുടെയും ആവാസ വ്യവസ്ഥയുടെയും നിലനില്പിന് തന്നെ ഭീഷണി ഉയർത്തുന്നതിനിടയാക്കിയിട്ടുള്ള സർക്കാർ നിലപാടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്താൻ പരിസ്ഥിതി വകുപ്പ് മുൻകൈ എടുക്കുമോ;

(ബി) സംസ്ഥാനത്ത് പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നതായ മലമ്പ്രദേശവും സമതലങ്ങളും തീരദേശവും കാടും പുഴകളും വയലും ചതുപ്പുകളും കായലുകളും തുടങ്ങി ഭൂരൂപങ്ങളെല്ലാം വൻതോതിൽ നാശത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫിനാൻസ് ബില്ലിലെ നിർദ്ദേശമനുസരിച്ചുള്ള ഫീസ് അടച്ച് നെൽവയൽ നികത്തൽ ക്രമപ്പെടുത്തുവാനുള്ള തീരുമാനത്തിൽ നിന്നും പിന്തിരിയാൻ വകുപ്പ് ആവശ്യപ്പെടുമോ;

(ഡി) കരിങ്കൽ ഖനനത്തിലെ ചട്ടലംഘനങ്ങൾ തടയാനും വനഭൂമി പതിച്ച് നൽകുന്നതിലെ നിയമലംഘനങ്ങൾക്കും നദീതീര കയ്യേറ്റങ്ങൾക്കും വനനശീകരണത്തിനും എതിരെ അടിയന്തര നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) പരിസ്ഥിതിയുടെ നിലനിൽപ്പിന് ഭീഷണിയുണ്ടാകുന്ന നിലപാട് സ്വീകരിക്കുക എന്നത് സർക്കാർ നയമല്ല.

(ബി) സംസ്ഥാനത്തെ ചില മലയോര പ്രദേശങ്ങളിൽ അനധികൃത പാറഖനനം, കുന്നിടിച്ച് മണ്ണെടുക്കൽ, ചില പുഴകളിൽനിന്നും അനധികൃതമായി മണൽ ഖനനം നടത്തുക, പുഴ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, കായൽ നികത്തൽ, കായൽ കയ്യേറ്റം എന്നിവ സംബന്ധിച്ച ഒറ്റപ്പെട്ട സംഭവങ്ങൾ ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നെൽവയൽ നികത്തുന്നത് ഏത് ആവശ്യത്തിലേയ്ക്കായാലും അത് പാരിസ്ഥിതിക ശോഷണം തന്നെയാണ്. നെൽവയൽ നികത്തുകവഴി ഉണ്ടാകുന്ന പാരിസ്ഥിതികമാറ്റം പുനഃസ്ഥാപിക്കുന്നതിനോ ടി പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനോ പരിമിതികൾ ഉണ്ട്. ആയതുകൊണ്ട് ഉദ്ദേശ്യലക്ഷ്യം എത്രതന്നെയായാലും നെൽവയൽ നികത്തരുത് എന്നതാണ് പരിസ്ഥിതി വകുപ്പിന്റെ നിലപാട്.

(ഡി) കരിങ്കൽ ഖനന ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015 വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ലാന്റ് അസൈൻമെന്റ് (റഗുലറൈസേഷൻ ഓഫ് ഒക്കുപ്പേഷൻ ഓഫ് ഫോറസ്റ്റ് ലാന്റ് പ്രയർ ടു 1-1-1977) സ്പെഷ്യൽ റൂൾസ് 1993 പ്രകാരമാണ് വനം കയ്യേറ്റങ്ങൾ ക്രമീകരിക്കുവാനുള്ള കേന്ദ്രാനുമതി ലഭിച്ചിരിക്കുന്നത്. ഇതുപ്രകാരം വനനശീകരണം തടയുന്നതിനും അനധികൃത മരംമുറി, വ്യാജവാറ്റ്, കഞ്ചാവുകൃഷി എന്നിവ തടയുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വനനശീകരണം സംഭവിച്ച മേഖലകളിൽ വനവത്കരണം നടപ്പാക്കുന്നതിനും വനംവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നദീതീര കയ്യേറ്റങ്ങൾക്കെതിരെ 2001-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും അനുബന്ധചട്ടങ്ങളും പ്രകാരം റവന്യു വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

റവന്യൂ കമ്മി

9 (*309) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തന്നാണ്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ബി) ഈ തുക ലഭിക്കുന്നത് ഏതെങ്കിലും നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നുവോ; എങ്കിൽ നിബന്ധനകൾ വിശദമാക്കാമോ;

(സി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധനദ്യഡീകരണ ലക്ഷ്യം എന്തായിരുന്നു; നിലവിൽ റവന്യൂ കമ്മി എത്ര?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തന്നാണ്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ബി) അല്ല.

(സി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധനദ്യഡീകരണ ലക്ഷ്യം (ധനക്കമ്മി, കടബാദ്ധ്യത, പലിശ തിരിച്ചടവ് എന്നിവ GSDP-യുടെ ശതമാനത്തിൽ) താഴെ വിവരിക്കുന്ന രീതിയിൽ സംസ്ഥാനം കൈവരിക്കേണ്ടതുണ്ട്:

ഇനം	2015-16	2016-17	2017-18	2018-19	2019-20
	ജി.എസ്.ഡി.പി. ശതമാനത്തിൽ				
ധനക്കമ്മി	3.00	3.00	3.0	3.00	3.00
കടബാധ്യത	31.34	30.84	30.40	30.01	29.67
പലിശ തിരിച്ചടവ്	15.70	15.01	14.37	13.78	13.23

LIBRARY ARCHIVES Kerala Legislative Assembly